112 (2298) ടൂറിസം വികസനത്തിനായി പുതിയ പ്രോജക്ടുകൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 മുതൽ 1999 മാർച്ച് 31 വരെ ടൂറിസം വികസനത്തിനായി എത്ര പുതിയ പ്രോജക്ടുകൾ ആരംഭിച്ചു. ഇതിലേക്ക് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം വികസനത്തിന് പ്രോജക്ടുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്വകാര്യ സംരംഭകർക്ക് ആവശ്യമായ സ്ഥലം പൊന്നും വിലയ്ക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പിൽഗ്രിം ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ കീഴിൽ 1996-97 മുതൽ 1999 മാർച്ച് 31 വരെ കാലയളവിൽ പണി പൂർത്തിയായതും പ്രവർത്തനം തുടങ്ങിയിട്ടുള്ളതുമായ പദ്ധതികൾ താഴെ പറയുന്നു:

(എ) യാത്രി നിവാസ്, ആലപ്പുഴ

(ബി) വഴിയോരവിശ്രമ കേന്ദ്രം, കുറ്റിപ്പുറം, വാളറ, വടകര

(സി) യാത്രി നിവാസ്, കൊച്ചി

(ഡി) വടക്കുനാഥക്ഷേത്രത്തിന്റെ ദീപാലങ്കാരം

നിർമ്മാണ പ്രവർത്തനം ആരംഭിച്ച പദ്ധതികൾ

(എ) ടൂറിസ്റ്റ് റിസോർട്ട്, ആതിരപ്പള്ളി

(ബി) ബീച്ച് റിസോർട്ട്, പരവൂർ

(സി) യാത്രി നിവാസ്, മലയാറ്റൂർ

(ഡി) യാത്രിനിവാസ്, പീരുമേട്

(ഇ) കായലോരവിശ്രമകേന്ദ്രം, ആലുംകടവ്

(എഫ്) ടൂറിസ്റ്റ് ലോഡ്ജ്, ഗുരുവായൂർ

(ജി) യാത്രിനിവാസ്, കോഴിക്കോട്

(എച്ച്) പുഴയോരവിശ്രമകേന്ദ്രം, ആറന്മുള

(ഐ) ടൂറിസ്റ്റ് റിസോർട്ട്, ചങ്ങനാശ്ശേരി

(ജെ) ജലയോരവിശ്രമകേന്ദ്രം, കായംകുളം

ഇതിനു പുറമേ ടൂറിസം വികസനം ലക്ഷ്യമാക്കി ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന മറ്റു പരിപാടികളെപ്പറ്റിയുള്ള വിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.† ഈ പദ്ധതികൾക്കായി 120 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കേരളാ ടൂറിസം വികസന കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായി പ്രവർത്തിച്ചുവരുന്ന ടൂറിസ്റ്റ് റിസോർട്ട്സ്(കേരള) ലിമിറ്റഡ്

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖേന 'ലാന്റ് ബാങ്ക് സ്കീം' എന്ന പദ്ധതിക്ക് ഈ ഉദ്ദേശത്തോടെയാണ് രൂപം നൽകിയിട്ടുള്ളത്.

(സി) പിൽഗ്രിം ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഗുരുവായൂർ, മലയാറ്റൂർ, കാലടി എന്നിവിടങ്ങളിൽ ഓരോ യാത്രി നിവാസ് നിർമ്മിക്കുന്നതിനും എരുമേലിയിൽ തീർത്ഥാടകർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ വടക്കുനാഥക്ഷേത്രത്തിൽ ദീപാലങ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

113 (2299) വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് പരിപാടികൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിൽ അടുത്ത 5 വർഷക്കാലംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ഏവ;

(ബി) ഇതിനുള്ള സാമ്പത്തിക സ്രോതസ് എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ അടുത്ത അഞ്ചു വർഷക്കാലയളവിൽ നടത്താൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെ പറയുന്നവയാണ്.

(1) തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം.

(2) ജലപാതകളുടെ വികസനം.

(3) പ്രത്യേക വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള റോഡുകളുടെ വികസനം.

(4) പുതിയ ടൂറിസം സങ്കേതങ്ങൾ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുക.

(5) ടൂറിസം പരസ്യപ്രചാരണരംഗം കൂടുതൽ വിപുലപ്പെടുത്തുക. കൂടാതെ വിവിധ മേളകൾ സംഘടിപ്പിക്കുക.

(6) പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ടൂറിസം വികസനത്തിനായുള്ള സമഗ്രപദ്ധതികൾ രൂപീകരിക്കുക.

(7) ടൂറിസം ട്രേഡ് ആക്ട് നടപ്പിലാക്കുക.

(8) ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ആനുകൂല്യങ്ങൾ നൽകുക. കൂടാതെ, ടൂറിസം മേഖലയിൽ മുതൽ മുടക്കുന്നവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

(ബി) ചില പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കും. സംസ്ഥാന ബജറ്റിൽനിന്നും മിക്ക പദ്ധതികൾക്കും മുഴുവൻ തുകയും ചില പദ്ധതികൾക്ക് സംസ്ഥാന വിഹിതമായും ഗണ്യമായ തുക ചെലവാകുന്നുണ്ട്. സ്വാകാര്യ സംരംഭകർക്ക് നിയമാനുസൃതമായ പ്രോത്സാഹനങ്ങൾ നൽകി മുതൽ മുടക്കിന് പ്രേരണ നൽകിവരുന്നുണ്ട്. വിദേശസഹായ

LIBRARY ARCHIVES Kerala Legislative Assembly